പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 3323 11.05.2017-ൽ മറുപടിക്ക്

# കെ.എസ്.ഇ.ബി കരാർ ജീവനക്കാരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ നടപടി

ചോദ്യം
ശ്രീ. പാറക്കൽ അബ്ദുല്ല

ഉത്തരം
ശ്രീ.എം.എം.മണി
(വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) കരാർ ജീവനക്കാർക്ക് ജോലിക്കിടയിൽ അപകടം സംഭവിച്ചാൽ അവരുടെ സംരക്ഷണ ചുമതല കെ.എസ്.ഇ.ബി. ഏറ്റെടുക്കാറുണ്ടോ; | (എ) മൂന്ന് ലക്ഷം രൂപയിൽ കവിയാത്ത അടങ്കൽ തുകയുള്ള കരാർ ജോലികൾ ഏറ്റെടുത്ത് നടത്തുന്ന ചെറുകിട കരാറുകാരുടെ കീഴിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് ജോലിക്കിടെ അപകടമോ, അപകട മരണമോ സംഭവിക്കുകയാണെങ്കിൽ 1923-ലെ തൊഴിലാളി നഷ്ടപരിഹാര നിയമം അനുസരിച്ച് താഴെ പറയുന്ന ആനുകൂല്യങ്ങൾ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ നിന്നും നൽകി വരുന്നു.<br>**1) മരണാനന്തര നഷ്ടപരിഹാരം:-**<br>a. മാസ വേതനത്തിനും പ്രായത്തിനും ആനുപാതികമായ നഷ്ടപരിഹാരം 3,97,480/- രൂപ മുതൽ 9,14,160/- രൂപ വരെ.<br>b. ശവസംസ്കാര ചെലവിനായി 5,000/- രൂപ.<br>**2) മാരകമല്ലാത്ത അപകടത്തിൽപ്പെടുന്നവർക്കുള്ള നഷ്ടപരിഹാരം:-**<br>a. സ്ഥിരവും, സ്ഥായിയുമായ അംഗവൈകല്യമുണ്ടായാൽ ജില്ലാ മെഡിക്കൽ ബോർഡ് നൽകുന്ന അംഗവൈകല്യത്തിൻറെ ശതമാനം തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ 'അവശതാ നഷ്ടപരിഹാരം'.<br>b. അപകടം സംഭവിക്കുന്ന തൊഴിലാളിക്ക് ചികിത്സയ്ക്കും, വിശ്രമത്തിനും ശുപാർശ ചെയ്തുകൊണ്ട് ഡോക്ടർ നൽകുന്ന മെഡിക്കൽ സർട്ടിഫിക്കറ്റിന്റെയും, ഫിറ്റ്നസ് സർട്ടിഫിക്കറ്റിന്റെയും, അടിസ്ഥാനത്തിൽ 'അർദ്ധ മാനസിക നഷ്ടപരിഹാരം'.<br>മൂന്ന് ലക്ഷത്തിൽ കൂടുതൽ അടങ്കൽ തുകയുള്ള കരാർ ജോലികൾ ഏറ്റെടുത്ത് നടത്തുന്ന കരാറുകാരുടെ കീഴിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് ജോലിക്കിടെ അപകടമോ, അപകട മരണമോ സംഭവിക്കുകയാണെങ്കിൽ നഷ്ടപരിഹാരം നൽകുന്നതിനുള്ള പൂർണ്ണമായ ഉത്തരവാദിത്തം കരാറുകാരനായിരിക്കും.<br>കൂടാതെ 1923 – ലെ തൊഴിലാളി നഷ്ടപരിഹാര നിയമത്തിലെ 18.01.2010 – ൽ നിലവിൽ വന്ന തൊഴിലാളി നഷ്ടപരിഹാര (ഭേദഗതി) നിയമം, 2009 സെക്ഷൻ (4) (2-A) യിൽ ഉൾച്ചേർത്തിട്ടുള്ള |

| | |
|---|---|
| | ജോലിക്കിടെ സംഭവിക്കുന്ന അപകടങ്ങൾക്ക് വേണ്ടി വരുന്ന ചികിത്സാ ചെലവുകൾ reimburse ചെയ്യുന്നതിലേക്കായി വ്യവസ്ഥ ചെയ്തിട്ടുള്ള ആനുകൂല്യം ആയത് അനുവദിക്കുന്നതിലേക്കായി പരിഗണിയ്ക്കേണ്ടുന്നതായ വ്യവസ്ഥകൾ, മാനദണ്ഡങ്ങൾ മുതലായവ പ്രതിപാദിക്കുന്ന ടി. വിഷയത്തെ സംബന്ധിക്കുന്ന 'Rules' സംസ്ഥാന സർക്കാർ പുറപ്പെടുവിക്കുന്ന മുറയ്ക്ക് നിയമപരമായി ടി ആനുകൂല്യം നൽകേണ്ടുന്നതിന്റെ ആവശ്യകത സംബന്ധിച്ച് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് എടുക്കുന്ന തീരുമാനങ്ങൾക്ക് വിധേയമായി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.<br>ജോലിക്കിടയിൽ അപകടം/ അപകടമരണം സംഭവിക്കുന്ന കരാർ ജീവനക്കാർക്ക് മേൽ സൂചിപ്പിച്ചിട്ടുള്ളതും 1923 - ലെ തൊഴിലാളി നഷ്ടപരിഹാര നിയമപ്രകാരം അനുവദിക്കേണ്ടുന്നതുമായ നഷ്ടപരിഹാരം/ 'അർദ്ധ മാനസിക നഷ്ടപരിഹാരം'/ ശവസംസ്കാര ചെലവ് എന്നിവ ഉൾച്ചേർത്ത് ക്രമീകരിക്കപ്പെട്ടിട്ടുള്ള സാമ്പത്തിക സംരക്ഷണ മാർഗ്ഗ നിർദ്ദേശങ്ങൾ പ്രസ്തുത നിയമത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി നിലവിൽ അനുവദിച്ച് വരുന്നു. |
| (ബി) ഇല്ലെങ്കിൽ ഇപ്രകാരം അപകടം സംഭവിച്ച് വർഷങ്ങളോളം കിടപ്പിലായ ഒട്ടേറെ പേർ ഉണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ജോലിക്കിടെയുണ്ടായ അപകടത്തെത്തുടർന്ന് മേൽ സൂചിപ്പിച്ച സാമ്പത്തിക സഹായം ലഭിച്ചിട്ടുള്ള ചുരുക്കം ചില കരാർ തൊഴിലാളികൾ സ്ഥിരവും സ്ഥായിയുമായ അവശത മൂലവും ഏതാനും ചിലർ താത്ക്കാലിക അവശത മൂലവും (ആശുപത്രിയിലും വീട്ടിലും ചികിത്സകൾ പുരോഗമിക്കുന്നവർ) കിടപ്പിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) എങ്കിൽ കരാർ ജീവനക്കാരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ തമിഴ് നാട് മാതൃകയിൽ കരാർ തൊഴിലാളി സംരക്ഷണ നിയമം നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ നൽകുമോ? | (സി) കരാർ തൊഴിലാളികൾക്കായി നിലവിൽ അനുവദിച്ച് വരുന്ന വിവിധ സാമ്പത്തിക ആനുകൂല്യങ്ങൾക്ക് ഉപരിയായി പ്രത്യേക കരാർ തൊഴിലാളി സംരക്ഷണ നിയമം ഇപ്പോൾ പരിഗണനയിൽ ഇല്ല. |

സെക്ഷൻ ഓഫീസർ